# കേരള കാർഷിക സർവ്വകലാശാല


കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ അക്കാദമി, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ:04872372413, 04872371931,)

**E mail: kauagmet@yahoo.co.in**


കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ വിഭാഗം, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 01/12

**തീയ്യതി 03.01.2012**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** വെള്ളാനിക്കരയിൽ കഴിഞ്ഞ ആഴ്ച്ച 2.4 ലഭിച്ചു. ഉയർന്നതാപനില 25.8 മുതൽ 33.6 ഡിഗ്രി സെൽഷ്യസും, ഏറ്റവും കുറഞ്ഞതാപനില 17.4 മുതൽ 22.6 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 56 മുതൽ 96 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 24 മുതൽ 59 ശതമാനംവരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.7 മുതൽ 8.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 0.0 മുതൽ 10.0 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 2.2 മുതൽ 3.6 മില്ലി.മീറ്റർ വരെയും ആയിരുന്നു.

## അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 04.01.12 ബുധൻ | 05.01.11 വ്യാഴം | 06.01.12 വെള്ളി | 07.01.12 ശനി | 08.01.12 ഞായർ |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C ) | 19 | 19 | 19 | 19 | 19 |
| മേഘവ്യാപ്തി (ഒക്ട) | 2 | 2 | 3 | 4 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 86 | 85 | 86 | 85 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 46 | 45 | 47 | 50 | 51 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/ മണിക്കൂർ ) | 003 | 008 | 008 | 008 | 010 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 050 | 070 | 090 | 070 |

## വിളകളുടെ സ്ഥിതി:

മുണ്ടകൻ നെല്ലിൽ വിളവെടുപ്പ് തുടരുന്നു. ചില സ്ഥലങ്ങളിൽ വിരിപ്പു കൃഷിക്കുള്ള നിലമൊരുക്കൽ ആരംഭിച്ചു. നേന്ത്രൻ (ഓണ വാഴ) നട്ട് 3 മാസമായി. കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയിൽ വിളവെടുപ്പ് തുടരുന്നു. പൊടിവാഴയിൽ വിളവെടുപ്പ് തുടരുന്നു. ശീതകാല പച്ചക്കറികൾ നട്ടു കഴിഞ്ഞു.

## കാർഷിക നിർദ്ദേശങ്ങൾ:

കാബേജ്, കോളിഫ്ളവർ മുതലായ ശീതകാല പച്ചക്കറികൾ നടുമ്പോൾ മണ്ണിൽ മിത്രകുമിളായ ട്രൈക്കോഡർമ്മ അല്ലെങ്കിൽ മിത്ര ബാക്ടീരിയായ സ്യൂഡോമോണാസ് 20 ഗ്രം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 15 ദിവസത്തിലൊരിക്കൽ മാറി മാറി മണ്ണിൽ ഒഴിച്ചു കൊടുക്കുന്നത് കുമിൾ രോഗങ്ങൾ വരാതിരിക്കാൻ ഫലപ്രദമാണ്. കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലെടുത്ത് തടത്തിൽ ഒഴിച്ചു കൊടുക്കുന്നതു വഴി കുമിൾ രോഗങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കാം. കാബേജ്, കോളിഫ്ളവർ മുതലായ ശീതകാല പച്ചക്കറികളിലെ ഇലകളെ തിന്നുന്ന കീടങ്ങളെ നശിപ്പിക്കാൻ 3% വീര്യമുള്ള വേപ്പെണ്ണ ലായനി ഉപയോഗിക്കാം. ചെടികളിൽ കർഡ് കണ്ടുതുടങ്ങുന്നതു മുതൽ എല്ലാ ആഴ്ച്ചയും സ്യൂഡോമോണാസ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളി തളിച്ചു കൊടുക്കുന്നത് കർഡിനെ ബാധിക്കുന്ന ബാക്ടീരിയൽ സോഫ്റ്റ് റോട്ട് എന്ന അഴുകൽ രോഗം വരാതിരിക്കാൻ സഹായിക്കും. തൈകൾ നട്ട് 10 ദിവസം പ്രായമായാൽ ആദ്യ വളം ചെയ്യുക. തൈ ഒന്നിന് 15 മുതൽ 20 ഗ്രാം എൻ പി കെ അടങ്ങിയ വളം ഇട്ട് കൊടുക്കുക. കൂടാതെ മൂന്നാഴ്ച്ച കഴിയുന്നതോടെ മണ്ണിരക്കമ്പോസ്റ്റ്, പിണ്ണാക്ക് മുതലായ ജൈവവളങ്ങളും ചേർത്ത് മണ്ണ് ചുവട്ടിൽ കൂട്ടികൊടുക്കുക.

തെങ്ങിലെ ചെന്നീരൊലിപ്പിനെ നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച ഭാഗം മുഴുവൻ ചുരണ്ടികളഞ്ഞ് മുറിവിൽ 5% വീര്യമുള്ള ട്രൈഡെമോർഫ് പുരട്ടുക. രണ്ടു ദിവസത്തിനുശേഷം കോൾടാർ പൂശണം. ചുരണ്ടിയെടുത്ത ഭാഗം കത്തിച്ചു കളയണം. ചുരണ്ടുമ്പോൾ തടിക്കുകേടു സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മറ്റു വളങ്ങൾക്കു പുറമെ തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് കൂടി നൽകുക. വർഷത്തിൽ മൂന്നു പ്രാവശ്യം ഇങ്ങനെ ചെയ്യണം.

വാഴയുടെ ഇലകളിൽ പൊട്ടു വന്നു കരിയുന്ന രോഗമാണ് സിഗാട്ടോഗ രോഗം. ഇത് നിയന്ത്രിക്കാൻ ഉണങ്ങികരിഞ്ഞ പുറം ഇലകൾ വെട്ടി ചുടുക. തുടർന്ന് ബോർഡോ മിശ്രിതം തളിക്കുക. രോഗത്തിന്റെ കാഠിന്യമനുസരിച്ച് ഒരാഴ്ച്ച ഇടവേളയിൽ 3-4 സ്പ്രേ വേണ്ടി വരും.